പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2583 | 21/06/2012 -ൽ മറുപടിക്ക്

## സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ കുറവ്

ചോദ്യം

ശ്രീമതി കെ.എസ്. സലീഖ

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളു കളിൽ എത്ര ശതമാനം കുട്ടികൾ കഴിഞ്ഞ അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് കുറഞ്ഞുവെന്നും ആയത് എത്രയെണ്ണമെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(എ) 2011-12 അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് 2012-13 അദ്ധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിൽ 5.01% കുട്ടികൾ കുറഞ്ഞു. ജില്ലാതല കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | 2011-12 വർഷത്തെ കുട്ടികളുടെ എണ്ണം | 2012-13 വർഷത്തെ കുട്ടികളുടെ എണ്ണം | കുറവ് |
|---|---|---|---|
| തിരുവനന്തപുരം | 160613 | 142690 | 17923 |
| കൊല്ലം | 108280 | 98203 | 10077 |
| പത്തനംതിട്ട | 23447 | 22016 | 1431 |
| ആലപ്പുഴ | 56223 | 54781 | 1442 |
| കോട്ടയം | 29415 | 26577 | 2838 |
| ഇടുക്കി | 34999 | 35566 | +567 |
| എറണാകുളം | 51440 | 47516 | 3924 |
| തൃശൂർ | 70591 | 65178 | 5413 |
| പാലക്കാട് | 125930 | 121934 | 3996 |
| മലപ്പുറം | 245064 | 240232 | 4832 |
| കോഴിക്കോട് | 121439 | 118030 | 3409 |
| വയനാട് | 59407 | 60394 | +987 |
| കണ്ണൂർ | 80896 | 75256 | 5640 |
| കാസർഗോഡ് | 96266 | 92221 | 4045 |
| ആകെ | 1264010 | 1200594 | 63416 |

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരം കുട്ടികളുടെ കുറവ് വരാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) | പരിശോധിച്ചിട്ടുണ്ട്. ജനന നിരക്കിലുണ്ടാകുന്ന കുറവ്, കേന്ദ്ര സിലബസിനോടുള്ള ആഭിമുഖ്യം എന്നിവ കുട്ടികളുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട്. |
| (സി) | എയ്ഡഡ് സ്കൂളുകളിലും ഇത്തരത്തിൽ ഓരോ വർഷം കഴിയുന്തോറും കുറവ് വരികയാണോ ; | (സി) | എയ്ഡഡ് സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിൽ കുറവ് വരുന്നുണ്ട്. |
| (ഡി) | സർക്കാർ സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ മക്കളെ സർക്കാർ സ്കൂളുകളിൽ പഠിപ്പിക്കാതെ അൺ എയ്ഡഡ്, എയ്ഡഡ് സ്കൂളുകളിൽ പഠിപ്പിക്കുന്ന പ്രവണത ഇപ്പോൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാ ക്കുമോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | അടിസ്ഥാന സൗകര്യങ്ങളിലെ പോരായ്മയല്ലേ ഇത്തരം സർക്കാർ സ്കൂളുകളിൽ ഓരോ വർഷം കഴിയുന്തോറും കുട്ടികൾ കുറയാൻ കാരണം. | (ഇ) | അല്ല. ജനന നിരക്കിലുള്ള കുറവാണ് ഇതിനു കാരണം. |
| (എഫ്) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എത്ര ശതമാനം സ്കൂളുകളിൽ മൂത്രപ്പുര ഇല്ല; എത്ര ശതമാനം സ്കൂളുകളിൽ കുടിവെള്ളമില്ല; എത്ര ശതമാനം സ്കൂളുകളിൽ പാചക പുരയില്ല; എത്ര ശതമാനം സ്കൂളുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു; എത്ര ശതമാനം സ്കൂളുകളിൽ വൈദ്യുതി ഇല്ല; വ്യക്തമാക്കുമോ ? | (എഫ്) | മൂത്രപ്പുര, കുടിവെള്ളം, പാചകപ്പുര എന്നിവ എല്ലാ സർക്കാർ സ്കൂളുകളിലും നിലവിലുണ്ട്. 188 സർക്കാർ സ്കൂളുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. വൈദ്യുതീകരിക്കാത്ത 87 സർക്കാർ സ്കൂളുകൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ